(സി) ടൂറിസ്റ്റുകളെയും വഹിച്ചുകൊണ്ടുവരുന്ന കപ്പലുകൾക്ക് ഇത്തരം തുറ മുഖങ്ങളിൽ എത്തണമെങ്കിൽ അവ വാർഫിനോട് ചേർത്ത് അടുപ്പിക്കുവാൻ വേണ്ട സൗകര്യം ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം എന്നീ ചെറുകിട തുറമുഖങ്ങളിൽ കപ്പലുകൾക്ക് വാർഫിനോട് ചേർന്ന് നങ്കൂരമിടുന്നതിനുള്ള സൗകര്യമുണ്ട്.

(ബി) വികസന സാദ്ധ്യതയുള്ള തുറമുഖങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടാക്കുവാൻ ഉദ്ദേശമുണ്ട്.

(ഡി) ടൂറിസ്റ്റുകളേയും വഹിച്ചുകൊണ്ടുവരുന്ന കപ്പലുകൾക്ക് ഇത്തരം സൗകര്യം നിർബന്ധമില്ല.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

21 (* 728) ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ്വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ അവസാനമായി ശമ്പളപരിഷ്കരണം നടത്തിയത് എന്നാണ് ;

(ബി) എത്ര കോടി രൂപയുടെ അധിക ആനുകൂല്യമാണ് ഈ സമയത്ത് ജീവനക്കാർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ മരവിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) പെൻഷൻകാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ മരവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) 1-3-1997 മുതൽ പ്രാബല്യത്തോടെ 13-4-1999-ലാണ് കെ.എസ്.ആർ.ടി.സി. യിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത്.

(ബി) പ്രതിമാസം 4.35 കോടി രൂപയുടെ അധിക ആനുകൂല്യമാണ് ഇതുമൂലം ജീവനക്കാർക്ക് ലഭിച്ചത്.

(സി) ഇല്ല.

(ഡി) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ ഒന്നും തന്നെ മരവിപ്പിച്ചിട്ടില്ല.

ഭരണനവീകരണം തൊഴിൽ മേഖലയിൽ

22 (* 729) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണത്തിനുള്ള സർക്കാർ പരിപാടിയിൽ തൊഴിൽ മേഖലയിൽ എന്തെല്ലാം നവീകരണങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിന്റെ തൊഴിൽ മേഖലയിൽ നിലവിലുള്ള സ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങൾ ആവശ്യമായിരിക്കുന്നതായി സർക്കാർ കരുതുന്നു ;

(സി) തൊഴിലാളികൾക്ക് ദ്രോഹകരവും വിദേശ മാർഗ്ഗനിർദ്ദേശങ്ങളോടും കൂടിയ നവീകരണ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് പരിശോധിക്കുകയുണ്ടായോ ;

(ഡി) തൊഴിൽ രംഗത്ത് വരുത്തേണ്ടുന്ന നവീകരണം സംബന്ധിച്ച് തൊഴിൽ മേഖലയിലുള്ളവരുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ ;

(ഇ) നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ഭരണനവീകരണ കരാറിൽ വ്യവസ്ഥയുണ്ടോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഭരണ നവീകരണത്തിനുള്ള സർക്കാർ പരിപാടികളിൽ തൊഴിൽ മേഖലയെ സംബന്ധിച്ച കാര്യങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ചർച്ചകൾക്ക് ശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുക, തൊഴിൽ പ്രശ്നങ്ങൾ സമയബന്ധിതമായും ഫലവത്തായും പരിഹരിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, തൊഴിലാളി-തൊഴിലുടമ ബന്ധം കൂടുതൽ ആരോഗ്യകരമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) തൊഴിലാളികൾക്ക് ദ്രോഹകരമായ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ഡി) തൊഴിൽ മേഖലയിലെ നവീകരണ പദ്ധതികളെ സംബന്ധിച്ച് അവസാന തീരുമാനം എടുക്കുന്നതിനുമുമ്പായി തൊഴിൽ മേഖലയിലുള്ളവരുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുന്നതാണ്.

(ഇ) ഇല്ല.

പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറക്കാൻ നടപടി

23 (* 730) ശ്രീ. എ. സുജനപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൻകിട-ഇടത്തരം വ്യവസായശാലകൾ പൂട്ടിക്കിടപ്പുണ്ട് ;

(ബി) ഇവ പൂട്ടിയതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) ഇവ തുറക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly